കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റിങ്ങൽ നഗരസഭയിൽ കേന്ദ്ര പദ്ധതിയായ **UIDSSMT** ഫണ്ട് ഉപയോഗിച്ച് വിൻഡ്രോ കമ്പോസ്റ്റിംഗ് മുഖേനയുള്ള ഖരമാലിന്യ സംസ്കരണത്തിന് **2015** മാർച്ച് മാസം വരെ കിലോഗ്രാമിന് **40** പൈസ നിരക്കിൽ നിജപ്പെടുത്തിയ നടപടിയ്ക്ക് സാധൂകരണം നൽകിക്കൊണ്ടും **01/4/2015**-മുതൽ കിലോഗ്രാമിന് **55** പൈസയായി വർദ്ധിപ്പിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 1650/2016/തസ്വഭവ — തിരുവനന്തപുരം, തീയതി 12.05.2016

പരാമർശം - (1) 8/10/2014-ലെ 42313/ഡിസി1/14/തസ്വഭവ നമ്പർ കത്ത്

(2) ആറ്റിങ്ങൽ നഗരസഭ സെക്രട്ടറിയുടെ 06/07/2015-ലെ പി.എച്ച്-2515/05/vol IV നമ്പർ കത്ത്.

(3) നഗരകാര്യ ഡയറക്ടറുടെ 25/7/2015-ലെ ഡി.സി1-15844/15 നമ്പർ കത്ത്.

(4) 16/04/2016, 11/05/2016 എന്നീ തീയതികളിലെ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1522/സി2009/എസ്.എം. നമ്പർ കത്തുകൾ.

## ഉത്തരവ്

ആറ്റിങ്ങൽ നഗരസഭയിൽ കേന്ദ്ര പദ്ധതിയായ UIDSSMT ഫണ്ട് ഉപയോഗിച്ച് വിൻഡ്രോ കമ്പോസ്റ്റിംഗ് മുഖേനയുള്ള ഖരമാലിന്യ സംസ്കരണശാലയുടെ പ്രതിദിനശേഷി 15 ടൺ ആയി ഉയർത്തുന്നതിനുള്ള രണ്ടാം ഘട്ട നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1)-ലെ കത്ത് പ്രകാരം O&M നിരക്ക് കിലോയ്ക്ക് 40 പൈസ നിരക്കിൽ നിജപ്പെടുത്താവുന്നതാണെന്ന നിർദ്ദേശത്തെതുടർന്ന് പ്രതിദിനം 13 ടൺ മാലിന്യം സംസ്കരിക്കുന്നതിന് കിലോഗ്രാമന് 40 പൈസ നിരക്കിൽ നിജപ്പെടുത്തുകയും മാലിന്യ സംസ്കരണം തടസ്സപ്പെടുമെന്നതിനാൽ നാളിതുവരെ കിലോഗ്രാമിന് 40 പൈസ നിരക്ക് നൽകിവരുന്ന ആറ്റിങ്ങൽ നഗരസഭയുടെ നടപടി, സർക്കാർ സാധൂകരണം നൽകിയ ഉത്തരവ് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണെന്ന് ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരിക്കുന്നതിനാൽ നഗരസഭയുടെ നടപടി സാധൂകരിച്ച് നൽകണമെന്നും, പുതിയ വേതന നിരക്കുകൾ നിലവിൽ വന്നശേഷം മതിയായ പ്രവർത്തനമൂലധനം അനുവദിക്കാത്ത പക്ഷം നഗരസഭയിൽ പ്രവർത്തിച്ചുവരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് അടച്ചുപൂട്ടേണ്ടിവരുമെന്ന് പ്രവർത്തന ഏജൻസി അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ 31/7/2015-ന് കൂടിയ കൗൺസിൽ തീരുമാനപ്രകാരം കിലോഗ്രാമിന് 55 പൈസ നിരക്കിൽ പ്രവർത്തന ചെലവ് നൽകുന്നത് സംബന്ധിച്ച് പ്ലാൻഫണ്ടിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതിനാലും, നിരക്ക് വർദ്ധിപ്പിച്ച് നൽകുന്ന തീരുമാനത്തിനായി കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയോട് സാവകാശം ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിലും 31/7/2015-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം അംഗീകരിച്ച് 01/4/2015-മുതൽ പുതിയ നിരക്കായ കിലോഗ്രാമിന് 55

പൈസ പ്രകാരം പ്രവർത്തനചെലവ് നൽകുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2)-ലെ കത്ത് പ്രകാരം ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

2015 മാർച്ച് മാസംവരെ കിലോഗ്രാമിന് 40 പൈസ നിരക്കിലും തുടർന്ന് 2015 ഏപ്രിൽ മാസം മുതൽ ടെണ്ടർ നടപടി പ്രകാരം വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് അംഗീകരിക്കപ്പെട്ട പുതിയ നിരക്കായ കിലോഗ്രാമിന് 55 പൈസ എന്ന നിരക്കിലും സർക്കാർ അനുമതി നൽകാവുന്നതാണെന്നും പരാമർശം (4)-ലെ കത്ത് പ്രകാരം ശുചിത്വമിഷൻഎക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. അതോടൊപ്പം പുതുക്കിയ നിരക്ക് അനുവദിക്കുന്നതുമൂലം പ്രതിദിനം ശരാശരി 13 ടൺ ഖരമാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ ചെലവഴിച്ചുവരുന്ന തുകയ്ക്കുപരിയായി 1950/- രൂപ അധിക ചെലവ് വരുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ നഗരസഭയുടെ ഖരമാലിന്യ സംസ്കരണത്തിന് 2015 മാർച്ച് മാസം വരെ കിലോഗ്രാമന് **40** പൈസ നിരക്കിൽ നിജപ്പെടുത്തിയ നടപടിയ്ക്ക് സാധൂകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. അതോടൊപ്പം **2015** ഏപ്രിൽ മാസം മുതൽ ടെണ്ടർ നടപടി പ്രകാരം വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് അംഗീകരിക്കപ്പെട്ട പുതിയ നിരക്കായ കിലോഗ്രാമിന് 55 പൈസയായി വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം )
**ടി.ജെ. ഉണ്ണികൃഷ്ണൻ**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
സെക്രട്ടറി, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി
ഡയറക്ടർ, ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ